# പതിനാലാം കേരളനിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4487      13.11.2019 ന് മറുപടിയ്ക്ക്.

## കൽപ്പറ്റ മണ്ഡലത്തിലെ വന്യമൃഗശല്യം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സി. കെ. ശശീന്ദ്രൻ : | | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | കൽപ്പറ്റ മണ്ഡലത്തിലെ വന്യമൃഗ ശല്യം നേരിടുന്നതിന് ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗിനായി എത്ര കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്; ഭരണാനുമതി നൽകിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഏതെല്ലാം പ്രദേശങ്ങളിലാണ് ഇത്തരത്തിൽ ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് നടത്തുന്നതെന്നും ആയത് എത്ര കിലോമീറ്റർ ദൂരത്തിലാണെന്നും അറിയിക്കാമോ; | (എ) | 12/11/2018-ലെ സ.ഉ.(കൈ)46/18/വനം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം മൊത്തം 42 കി.മീറ്റർ നീളത്തിൽ ക്രാഷ് ഗാർഡ് ഫെൻസിംഗ് നടത്തുന്നതിന് 21 കോടി രൂപയുടെ അനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധം 1-ആയി ഉള്ളടക്കം ചെയ്യുന്നു. ഇതിൽ സൗത്ത് വയനാട് ഡിവിഷൻ പരിധിയിൽ കൽപ്പറ്റ നിയോജക മണ്ഡലത്തിൽ മേപ്പാടി റെയിഞ്ചിലെ വൈത്തിരി ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ വരുന്ന വെങ്ങക്കോട് മുതൽ ചെമ്പ്ര വരെ 5 കി.മീറ്ററും കൽപ്പറ്റ റെയിഞ്ചിലെ കമ്പംപുറം മുതൽ 10-ാം മൈൽ വരെ 3 കി.മീറ്ററും ഉൾപ്പെടുന്നു. കൂടാതെ, ചെതലയം റെയിഞ്ചിൽ ദാസനക്കര, പാതിരിയമ്പം, പാത്രമൂല, കക്കോടൻ ബ്ലോക്ക് ഏരിയായിൽ 14.5 കി.മീറ്ററും, കൊമ്മഞ്ചേരി മുതൽ സുബ്രമഹ്ണ്യൻകൊല്ലി വരെ 3.2 കി.മീറ്റർ ദൂരവും ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് നടത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. |
| (ബി) | ഭരണാനുമതി ലഭ്യമായ പ്രസ്തുത പദ്ധതിയ്ക്ക് സാങ്കേതിക അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണ മെന്തെന്നും സാങ്കേതികാനുമതി ലഭ്യമാക്കി എപ്പോൾ പ്രവൃത്തി തുടങ്ങാനാവുമെന്നും വിശദമാക്കാമോ; | (ബി) | കിഫ്ബിയിൽ നിന്നുള്ള സാങ്കേതികാനുമതി മേൽ പ്രവൃത്തികൾക്ക് ലഭിച്ചിട്ടില്ല. അനുമതി ലഭ്യമായാൽ ഉടൻ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതാണ്. |
| (സി) | കൽപ്പറ്റ മണ്ഡലത്തിൽ വന്യമൃഗ ശല്യം നേരിടുന്ന കൂടുതൽ പ്രദേശങ്ങളിൽ ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് നടപ്പിലാക്കണ മെന്ന് ആവശ്യപ്പെട്ട് സൗത്ത് വയനാട് ഡി.എഫ്.ഒ., പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫീസർക്ക് സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (സി) | റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധം 2-ആയി ഉള്ളടക്കം ചെയ്യുന്നു. |
| (ഡി) | പ്രസ്തുത റിപ്പോർട്ടിന്മേൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ഡി) | പ്രസ്തുത റിപ്പോർട്ട് പരിശോധനയിലാണ്. |

**(ഇ)** കൽപ്പറ്റ മണ്ഡലത്തിൽ ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് നടപ്പിലാക്കുന്നതിന് പുതിയ പ്രൊപ്പോസൽ പി.സി.സി.എഫ്. ഓഫീസിൽ തയ്യാറാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം പ്രദേശങ്ങളിൽ എത്ര കിലോമീറ്റർ ദൂരത്തിൽ ഫെൻസിംഗ് സ്ഥാപിക്കുന്നതിനായുള്ള എത്ര കോടി രൂപയുടെ പ്രൊപ്പോസൽ ആണ് തയ്യാറാക്കുന്നതെന്ന് വിശദമാക്കാമോ;

**(ഇ)** കല്പറ്റ മണ്ഡലം ഉൾപ്പെട്ട വയനാട് സൗത്ത് ഡിവിഷനിലെ നാല് സ്ഥലങ്ങളിൽ KIIFB മുഖാന്തിരം 26.5 കി.മീറ്റർ ദൂരത്തിൽ ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ആയതിനാൽ KIIFB യുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തുന്നതിനായി സമർപ്പിച്ചിട്ടുള്ള കരട് പദ്ധതി രേഖയ്ക്ക് അനുമതി ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണ ജോലികൾ ആരംഭിക്കുന്നതാണ്.

| ക്രമ നം. | പദ്ധതി പ്രദേശം | റെയിഞ്ച് | ദൂരം (കി. മീ.) | പദ്ധതി തുക |
|---|---|---|---|---|
| 1. | ദാസനക്കര – പാതിരിയമ്പലം, പാത്രമൂല & കാക്കോടൻ ബ്ലോക്ക് - പുൽപ്പള്ളി ഫോറസ്റ്റ് സ്റ്റേഷൻ | ചെതലത്ത് | 15 | 750 ലക്ഷം |
| 2. | കോമഞ്ചേരി & സുബ്രമഹ്ണ്യൻ കടി - ഇരുളം ഫോറസ്റ്റ് സ്റ്റേഷൻ | ചെതലത്ത് | 3.5 | 175 ലക്ഷം |
| 3. | വേങ്ങോട് മുതൽ ചെമ്പ്ര വൈതിരി സ്റ്റേഷൻ | മേപ്പാടി | 5 | 250 ലക്ഷം |
| 4. | കുന്നംപുറം മുതൽ പത്താം മൈൽ - സുഗന്ധഗിരി സെക്ഷൻ | കൽപ്പറ്റ | 3 | 150 ലക്ഷം |
| | **ആകെ** | | **26.5** | **1325 ലക്ഷം** |

ടി പദ്ധതിക്കായി 13.25 കോടി രൂപ വകയിരുത്തിട്ടുണ്ട്.

**(എഫ്)** ഇത്തരത്തിൽ തയ്യാറാക്കുന്ന പ്രൊപ്പോസലിൽ ഉൾപ്പെടാത്തതും എന്നാൽ സൗത്ത് വയനാട് ഡി.എഫ്.ഒ. അയച്ചുതന്നിട്ടുള്ള പ്രൊപ്പോസലിൽ ഉൾപ്പെട്ടതുമായ അവശേഷിക്കുന്ന പ്രദേശങ്ങളിൽ ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് നടപ്പിലാക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

**(എഫ്)** സൗത്ത് വയനാട് ഡിവിഷൻ ഫോറസ്റ്റ് ഓഫീസർ അയച്ചു തന്നിട്ടുള്ള പ്രൊപ്പോസലിൽ ഉൾപ്പെട്ടതായ അവശേഷിക്കുന്ന പ്രദേശങ്ങളിൽ ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് നടപ്പിലാക്കുന്നത് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പരിഗണിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

അനുബന്ധം-1

File No.FWLD-D3/206/2016-FWLD

GOVERNMENT OF KERALA

**Abstract**

Forest and Wildlife Department - KIIFB - Project FOR001-00 for "Fencing along forest boundary under the Special Investment Plan" - Phase II - Administrative Sanction - Accorded - Orders issued.

**FOREST & WILDLIFE (D) DEPARTMENT**

G.O.(Ms)No.46/2018/F&WLD Dated, Thiruvananthapuram, 12/11/2018

Read: 1) G.O (Ms) No. 315/2016/Fin dated 08-08-2016.
2) G.O (Ms) No.35/2016/F&WLD dated 21-10-2016.
3) G.O.(Ms) No.40/2018/F&WLD dated, 13/09/2018.
4) Letters No. E&TW1-54448/2016 dated 06/10/2018 from the Principal Chief Conservator of Forests (FM), Thiruvananthapuram.

**ORDER**

The Detailed Project report for "Fencing along forest boundary" was approved with the following components for Rs.100 crores. As per the GOs read as 2nd and 3rd paper above administrative sanction was accorded for the project 'Fencing along forest boundary - Phase I' for an amount of Rs. 25 crores with KIIFB financial assistance.

| | |
|---|---|
| 1) Solar Fence @ Rs. 1.8 lakh/km for 220.50 km. | Rs.396.9 lakhs |
| 2) Elephant proof wall @ Rs. 140.00 lakhs/ km for 11.5 km. | Rs.1610.00 lakhs |
| 3) Rail Fence @ Rs. 150 lakh/km for 26 km. | Rs.3900.00 lakhs |
| 4) Stone pitched trenches @ Rs.95 lakh/ km for 7 km | Rs.665.00 lakhs |
| 5) Steel Fencing @ Rs.132 lakh/ km for 26 km. | Rs.3432.00 lakhs |
| Total ( Rs.in lakhs) | Rs.10003.90 |

As per letter read as 4th paper above Principal Chief Conservator of Forests (FM) has reported that, as the above barriers are quite expensive, there is a need to review the different physical barriers, reduce the high cost interventions and introduce the crash guard steel rope fence which is a much cheaper but efficient option as a physical barrier. This option was recently constructed on a pilot basis at Mankulam Forest Division for 1.2 km and its

design is being tested by IIT, Palakkad so as to replicate it on a bigger scale elsewhere. Hence in Phase II of the project crash guard steel rope fence has been included replacing other high cost physical barriers and while doing so the **total length of all barriers** included in the **initial DPR** (291 KM) will not be reduced but, in fact, will be slightly increased (296.9 KM). In view of this, the saving on account of the change in the components of the physical barriers can be used for relocating willing families from the enclosures within the forests and the habitations along the forest periphery. This change has been agreed in principle by Member Secretary, KIIFB in the last meeting held on 26.09.2018.

In the circumstances, Principal Chief Conservator of Forests (FM) has modified the project proposal for Phase II by including Crash guard steel rope fence and relocation of families inside / at the periphery of forest as two new components replacing costlier barriers like Steel fence, Stone pitched trench and part of Rail fence already approved in the original Detailed Project Report and requested Government to accord administrative sanction to the same. A summary of works proposed under the Project 'Fencing along forest boundary" revised Phase II comes to the tune of Rs.73.61Crore (Seventy three crores and sixty one lakhs only) as below:

**Modified Phase II proposal**

| Sl. No | Name of Work | Length (in km) | No of beneficiary families (Nos) | Amount Required (Rs. in lakh) |
|---|---|---|---|---|
| 1 | Solar fence | 136.70 | -- | 246.06 |
| 2 | Crash guard steel rope fence | 42 | -- | 2100.00 |
| 3 | Relocation of families | -- | 497 | 4970.00 |
| | Elephant proof wall | 0.3 | -- | 45.00 |
| | **Total** | **179** | **497** | **7361.00** |

Government have examined the matter in detail and are pleased to accord Revised Administrative Sanction for the project 'Fencing Along Forest Boundary' - Phase II for an amount of Rs.73.61 Crore (Seventy three crores and sixty one lakhs only) as proposed above with KIIFB assistance.

State Forest Development Agency (SFDA) is designated as the Special Purpose Vehicle (SPV) for the implementation of the project.

(By order of the Governor)
**VENU V.**
**PRINCIPAL SECRETARY**

To

1. The Chief Executive Officer, Kerala Infrastructure Investment Fund Board, 2nd Floor, Felicity Square, MG Road, Statue, Thiruvananthapuram.
2. The Secretary, Finance (Infra) Department.
3. The Principal Chief Conservator of Forests & Head of Forest Forces, Thiruvananthapuram.
4. The Principal Chief Conservator of Forests (WL) & Chief Wildlife Warden, Thiruvananthapuram.
5. The Principal Chief Conservator of Forests (FM), Thiruvananthapuram.
6. The Principal Chief Conservator of Forests (E&TW), Thiruvananthapuram.
7. The Chief Executive Officer, Thrissur Forest Development Agency, Thiruvananthapuram.
8. The Principal Accountant General (A&E/Audit), Kerala, Thiruvananthapuram.
9. Information and Public Relations (Web & New Media) Department (for uploading in Government website).
10. Stock File / Office Copy.

Forwarded/by order

Section Officer

Copy to:- PS to Hon.Minister (Forest)
PA to Principal Secretary
CA to DS

# അനുബന്ധം-2

ആർ-5846/19

കെ. കാർത്തികേയൻ IFS
ചീഫ് ഫോറസ്റ്റ് കൺസർവ്വേറ്റർ,
നോർത്തേൺ സർക്കിൾ, കണ്ണൂർ

*ചീഫ് ഫോറസ്റ്റ് കൺസർവ്വേറ്ററുടെ ഓഫീസ്,*
*നോർത്തേൺ സർക്കിൾ, കണ്ണൂർ,*
*കണ്ണോത്തുംചാൽ, പി.ഒ താണ, കണ്ണൂർ - 12,*
*Ph: 0497 2760394, Fax: 0497 2704911*
*E-mail: ccf-nc.for@Kerala.gov.in*
**Date:23-09-2019**

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ്
കൺസർവേറ്റർ(വന്യജീവി വിഭാഗം) &
ചീഫ് വൈൽഡ് ലൈഫ് വാർഡൻ,
കേരള, തിരുവനന്തപുരം

സർ,

വിഷയം: സൌത്ത് വയനാട് ഡിവിഷൻ – മനുഷ്യ – വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള പദ്ധതി രൂപരേഖ സമർപ്പിച്ചത് - സംബന്ധിച്ച്.

സൂചന : സൌത്ത് വയനാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ 07.08.2019 തീയ്യതിയിലെ ആർ-5367 / 2019 നമ്പർ കത്ത്.

സൂചനയിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. ബഹു. കല്പറ്റ നിയോജക മണ്ഡലം എം.എൽ.എ ശ്രീ. സി.കെ ശശീന്ദ്രൻ അവർകളുടെ നിർദ്ദേശമനുസരിച്ച്, മേൽ വിഷയത്തിൽ പരാമർശിച്ച പദ്ധതി രൂപരേഖ തയ്യാറാക്കി സൌത്ത് വയനാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ സൂചന പ്രകാരം സമർപ്പിച്ചിട്ടുണ്ട്.

സൌത്ത് വയനാട് ഡിവിഷന് കീഴിലെ കല്പറ്റ നിയോജക മണ്ഡലം പരിധിയിൽ മേപ്പാടി റേഞ്ചിലെ ഈട്ടിക്കുന്ന് വാക പ്ലാന്റേഷൻ, വെങ്ങാക്കോട്, ആനപ്പാറ, ചെമ്പ്ര, ചന്ദ്രഗിരി, ചോലാടി, അരണമല, തളിമല, ചുണ്ടേൽ പ്രദേശങ്ങളിലും, കല്പറ്റ റേഞ്ചിലെ വാരാമ്പറ്റ, കാപ്പിക്കളം, തരിയോട്, കറുകംതോട്, സുഗന്ധഗിരി, എട്ടാം മൈൽ, പത്താം മൈൽ, പാറത്തോട്, സേട്ടുകുന്ന്, അമ്മാറ പ്രദേശങ്ങളിലും മനുഷ്യ-വന്യജീവി സംഘർഷം രൂക്ഷമായി അനുഭവപ്പെട്ടുകൊണ്ടിരിക്കുകയാണ്.

ആന പ്രതിരോധ കിടങ്ങുകൾ നിർമ്മിച്ചും, സോളാർ ഫെൻസിങ്ങ് നിലനിർത്തിയും ആനപ്രതിരോധ മതിലുകൾ നിർമ്മിച്ചും നിരന്തരമായി നാട്ടിലിറങ്ങുന്ന ആന, കാട്ടുപോത്ത് മുതലായ മൃഗങ്ങളെ കാട്ടിലേക്ക് തിരികെ ഓടിക്കുന്നതിന് വാച്ചർമാരെ നിയോഗിച്ചും ഒരു പരിധിവരെ വന്യമൃഗ ശല്യം പരിഹരിക്കുന്നുണ്ട്. മുകളിൽ പ്രതിപാദിച്ച പ്രതിരോധ മാർഗ്ഗങ്ങൾ വിജയിക്കാത്ത സ്ഥലത്തെ സാഹചര്യം കണക്കിലെടുത്ത് സ്ഥിരം സംവിധാനം എന്ന നിലയിൽ ക്രാഷ് ഗാർഡ് സ്റ്റീൽ ഫെൻസിങ്ങ് സ്ഥാപിക്കേണ്ടത് അത്യാവശ്യമാണെന്ന് വിലയിരുത്തിയിട്ടുണ്ട്. ആന പ്രതിരോധ കിടങ്ങ്, സോളാർ ഫെൻസിങ്ങ് എന്നിവ വഴിയുള്ള പ്രതിരോധ മാർഗ്ഗങ്ങൾ വിജയിക്കാത്ത സ്ഥലങ്ങളിൽ ക്രാഷ് ഗാർഡ്/സ്റ്റീൽ ഫെൻസിങ്ങ് പ്രവൃത്തി നടപ്പാക്കുന്നത് സംബന്ധിച്ച് സൌത്ത് വയനാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ തയ്യാറാക്കിയതാണ് മേൽ വിഷയത്തിൽ പരാമർശിച്ച 12.50 കോടി രൂപയുടെ പദ്ധതി രൂപരേഖ.

ബഹു. കല്പറ്റ നിയോജകമണ്ഡലം എം.എൽ.എക്ക് സൌത്ത് വയനാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ തയ്യാറാക്കി സമർപ്പിച്ച മേൽ പദ്ധതി രൂപരേഖയുടെ പകർപ്പ് ഇതോടൊപ്പം അങ്ങയുടെ അറിവിനും തുടർ നടപടികൾക്കുമായി സമർപ്പിക്കുന്നു.

ഉള്ളടക്കം : പദ്ധതി രൂപരേഖ

വിശ്വസ്തതയോടെ

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ

E:\Local Disk\R-SECTION\2019\സൌത്ത് വയനാട്\സൗരോർജ്ജ വന്യജീവി സംഘർഷം

"ഭരണഭാഷ മാതൃഭാഷ"

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്
സൗത്ത് വയനാട് ഡിവിഷൻ, കൽപ്പറ്റ
☎ : 04936203428
✉ dfo-wynds.for@kerala.gov.in

നമ്പർ R-5367/19 തീയതി : 07.08.2019

രഞ്ജിത്ത് കുമാർ. പി
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ,
നോർത്തേൺ സർക്കിൾ,
കണ്ണൂർ

സാർ,

വിഷയം:-സൗത്ത് വയനാട് ഡിവിഷൻ-മുനഷ്യ-വന്യജീവി സംഘർഷം ലഘുകരിക്കുന്നതിനുളള പദ്ധതി രൂപരേഖ സമർപ്പിക്കുന്നത്-സംബന്ധിച്ച്

സൂചന - ബഹു.കൽപ്പറ്റ നിയോജക മണ്ഡലം എം. എൽ. എ ശ്രീ. സി.കെ. ശശീന്ദ്രൻ അവർകളുടെ നിർദ്ദശം.

മേൽ വിഷയത്തിലേക്ക് അങ്ങയുടെ ശ്രദ്ധ സാദരം ക്ഷണിക്കുന്നു. കൽപ്പറ്റ നിയോജക മണ്ഡലം പരിധിയിൽ മുനഷ്യ-വന്യജീവി സംഘർഷം ലഘുകരിക്കുന്നതിനായി ഒരു പദ്ധതി രൂപരേഖ ഗവൺമെന്റിലേക്ക് സമർപ്പിക്കുവാൻ ബഹു.കൽപ്പറ്റ നിയോജക മണ്ഡലം എം. എൽ. എ നിർദ്ദേശിക്കുകയുണ്ടായി.

കൽപ്പറ്റ നിയോജക മണ്ഡലം പരിധിയിൽ ഈ ഡിവിഷനു കീഴിലെ മേപ്പാടി റെയിഞ്ചിലെ ഈട്ടികുന്ന് വാക പ്ലാന്റേഷൻ, വെങ്ങാക്കോട്, ആനപ്പാറ, ചെമ്പ്ര, ചന്ദ്രഗിരി, ചോലാടി, അരണമല, ,തളിമല,ചുണ്ടേൽ പ്രദേശങ്ങളിലും കൽപ്പറ്റ റെയിഞ്ചിലെ വാരാമ്പറ്റ, കാപ്പിക്കളം, തരിയോട്, കറുകംതോട്, സുഗന്ധഗിരി, 8-ാംമൈൽ, 10-ാംമൈൽ, പാറത്തോട്,സേട്ടുകുന്ന്, അമ്മാറ പ്രദേശങ്ങളിലും മനുഷ്യ-വന്യജീവി സംഘർഷം രൂക്ഷമായി അനുഭവപ്പെട്ടുകൊണ്ടിരിക്കുകയാണ്. ആനപ്രതിരോധ കിടങ്ങുകൾ നിർമ്മിച്ചും, സോളാർ ഫെൻസിംങ് നിലനിർത്തിയും ആനപ്രതിരോധ മതിലുകൾ നിർമ്മിച്ചും നിരന്തരമായി നാട്ടിലിറങ്ങുന്ന ആന, കാട്ടുപോത്ത് മുതലായ

മൃഗങ്ങളെ കാട്ടിലേയ്ക്ക് തിരികെ ഓടിക്കുന്നതിന് വാച്ചർമാരെ നിയോഗിച്ചു, ഒരു പരിധിവരെ വന്യമൃഗശല്യം പരിഹരിക്കുന്നുണ്ട്. മുകളിൽ പ്രതിപാദിച്ച പ്രതിരോധമാർഗ്ഗങ്ങൾ വിജയിക്കാത്ത സ്ഥലത്തെ സാഹചര്യം കണക്കിലെടുത്ത് സ്ഥിരം സംവിധാനം എന്ന നിലയിൽ ക്രാഷ് ഗാർഡ്/സ്റ്റീൽ ഫെൻസിംങ്ങ് സ്ഥാപിക്കേണ്ടത് അത്യവശ്യമാണെന്ന് വിലയിരുത്തിയിട്ടുണ്ട്. ആന പ്രതിരോധ കിടങ്ങ്, സോളാർ ഫെൻസിങ്ങ് എന്നിവ മുലമുള്ള പ്രതിരോധ മാർഗ്ഗങ്ങൾ വിജയിക്കാത്ത സ്ഥലങ്ങളിൽ ക്രാഷ് ഗാർഡ്/സ്റ്റീൽ ഫെൻസിങ്ങ് ചെയ്യേണ്ടത് അത്യാവശ്യമാണ്. മേൽ സാഹചര്യം പരിഗണിച്ച് പ്രസ്തുത സ്ഥലങ്ങളിൽ ക്രാഷ് ഗാർഡ്/സ്റ്റീൽ ഫെൻസിങ്ങ് പ്രവർത്തി നടപ്പാക്കുന്നത് സംബന്ധിച്ച് 12.50 കോടി രുപയുടെ പദ്ധതി രുപരേഖ തയ്യാറാക്കി ബഹു. കൽപ്പറ്റ നിയോജക മണ്ഡലം. എം. എൽ. എ ക്ക് ഈ ഓഫീസിൽ നിന്നും സമർപ്പിക്കുകയുണ്ടായി ആയതിന്റെ പകർപ്പ് അങ്ങയുടെ അറിവിലേക്കും തുടർനടപടികൾക്കുമായി സമർപ്പിച്ചു കൊള്ളുന്നു.

വിശ്വസ്തതയോടെ

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ

സൗത്ത് വയനാട് ഫോറസ്റ്റ് ഡിവിഷൻ

# മനുഷ്യ - വന്യമൃഗ സംഘർഷം പരിഹാര മാർഗ്ഗങ്ങൾ

കൽപ്പറ്റ നിയോജക മണ്ഡലം

## പദ്ധതി രൂപരേഖ

2018-19

## ആമുഖം

സൗത്ത് വയനാട് ഫോറസ്റ്റ് ഡിവിഷനിലെ മേപ്പാടി, കൽപ്പറ്റ, ചെതലത്ത് റെയിഞ്ചുകളിലായി 294.938561 ചതുരശ്ര കിലോമീറ്ററിലായി വ്യാപിച്ചു കിടക്കുന്നതാണ് സൗത്ത് വയനാട് ഡിവിഷനിലെ വനഭൂമി. ടി വനഭൂമിയിൽ ചെതലത്ത്, കൽപ്പറ്റ, മേപ്പാടി റെയിഞ്ചുകളിലായി 67.678357 ചതുരശ്ര കിലോമീറ്റർ റിസർവ്വ് ഫോറസ്റ്റും 3.773788 ചതുരശ്ര കിലോമീറ്റർ പ്രൊപ്പോസ്ഡ് റിസർവ്വ് ഫോറസ്റ്റുമാണ്. ശേഷിക്കുന്ന 223.486416 ചതുരശ്ര കിലോമീറ്റർ നിക്ഷിപ്ത വനവും പരിസ്ഥിതി ദുർബല പ്രദേശവുമായിട്ടുള്ളതുമാണ്.

ഈ ഡിവിഷനിൽ നിലവിൽ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി മുനഷ്യ-വന്യജീവി സംഘർഷമാണ്. ആയതനുസരിച്ച് മേപ്പാടി റെയിഞ്ചിലെ ഈട്ടികുന്ന് വാക പ്ലാന്റേഷൻ, വെങ്ങാക്കോട്, ആനപ്പാറ, ചെമ്പ്ര, ചന്ദ്രഗിരി, ചോലാടി, അരണമല, ,തളിമല,ചുണ്ടേൽ പ്രദേശങ്ങളിലും കൽപ്പറ്റ റെയിഞ്ചിലെ വാരാമ്പറ്റ, കാപ്പിക്കളം, തരിയോട്, കറുകംതോട്, സുഗന്ധഗിരി, 8-ാംമൈൽ, 10-ാംമൈൽ, പാറത്തോട്,സേട്ടുകുന്ന്, അമ്മാറ പ്രദേശങ്ങളിലും ചെതലത്ത് റെയിഞ്ചിലെ നെയ്കുപ്പ, ചങ്ങലമൂല, പാതിരിയമ്പം, താഴെ പാതിരിയമ്പം, അമ്മാനി കോളനി, ഗെബ്രിയേൽ കൊല്ലി, മാർക്കോസ് കൊല്ലി, ഓർക്കോട്ട് മൂല ചെക്ക് ഡാം, പുലയൻമൂല, സ്വാമ്പ്, നഞ്ഞാറമൂല, മുക്രമൂല, ദാസനക്കര ഒ.പി. പ്രദേശങ്ങളിലും ആണ് മനുഷ്യ-വന്യജീവി സംഘർഷം കൂടുതലായി അനുഭവപ്പെടുന്നത്. ഡിവിഷന്റെ കീഴിലുള്ള ഇതര പ്രദേശങ്ങളിലും വന്യമൃഗശല്യം തരതമ്യേന അനുഭവപ്പെടുന്നുണ്ട്. ആനപ്രതിരോധ കിടങ്ങുകൾ നിർമ്മിച്ചും, സോളാർ ഫെൻസിംങ് നിലനിർത്തിയും ആനപ്രതിരോധ മതിലുകൾ നിർമ്മിച്ചും നിരന്തരമായി നാട്ടിലിറങ്ങുന്ന ആന, കാട്ടുപോത്ത് മുതലായ മൃഗങ്ങളെ കാട്ടിലേയ്ക്ക് തിരികെ ഓടിക്കുന്നതിന് വാച്ചർമാരെ നിയോഗിച്ചും ഒരു പരിധിവരെ വന്യമൃഗശല്യം പരിഹരിക്കുന്നുണ്ട്. വന്യമൃഗങ്ങൾ മൂലമുണ്ടാകുന്ന കൃഷിനാശത്തിന് നഷ്ട പരിഹാര തുക കാലാനുസൃതമായി കൊടുത്തുവരുന്നുണ്ട്. വന്യമൃഗങ്ങൾ മൂലം സ്വത്തിനും ജീവനും ഉണ്ടാകുന്ന നാശത്തിന് സമാശ്വാസമെന്ന നിലയിൽ സാമ്പത്തിക സഹായം കാലതാമസം

കൂടാതെ നൽകി വരുന്നുണ്ട്. ഡിവിഷനു കീഴിലുളള വനഭാഗങ്ങളുടെ ശാസ്ത്രഘടനയനുസരിച്ച് വന്യ മൃഗ പ്രതിരോധമാർഗ്ഗങ്ങൾ അവലംബിക്കു യാണ് ചെയ്യുന്നത്. മുകളിൽ പ്രതിപാദിച്ച പ്രതിരോധമാർഗ്ഗങ്ങൾ വിജയ* ക്കാത്ത സ്ഥലത്തെ സാഹചര്യം കണക്കിലെടുത്ത് സ്ഥിരം സംവിധാനം എന്ന നിലയിൽ ക്രാഷ് ഗാർഡ് / സ്റ്റീൽ ഫെൻസിംങ്ങ് സ്ഥാപിക്കേണ്ടത് അത്യാവശ്യ മാണെന്ന് വിലയിരുത്തിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ വന്യമൃഗ ശല്യം പ്രതിരോധിക്കുന്നതിന് ശക്തമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ആയതി ലേയ്ക്ക് നിലവിലുളളതും നടപ്പുവർഷം നടത്തേണ്ടതുമായ പ്രതിരോധ നടപടി കൾ താഴെ പ്രതിപാദിക്കുന്നു.

## i. നിലവിലെ പ്രതിരോധ നടപടികൾ

### സോളാർ വൈദ്യുത കമ്പിവേലി

ഈ ഡിവിഷന്റെ പരിധിയിൽ കൽപ്പറ്റ റെയ്ഞ്ചിൽ വിവിധ സെക്ഷനുക ളിലായി 41.3 കീലോമീറ്ററും, ചെതലത്ത് റെയ്ഞ്ചിൽ 131.45 കീലോമീറ്ററും, മേപ്പാടി റെയ്ഞ്ചിൽ 48.75 കീലോമീറ്ററും ആകെ 221.5 കീലോമീറ്റർ ദൂരത്തിൽ സോളാർ വൈദ്യുത കമ്പി വേലി പ്രവർത്തക്ഷമമായിട്ടുണ്ട്. എന്നിരുന്നാലും ഇവ സ്ഥിരം അറ്റകുറ്റപ്പണികൾ നടത്തേണ്ടതുണ്ട്. സോളാൽ വൈദ്യുതി കമ്പി വേലി പൂർണ്ണമായി വിജയകരമാകണമെങ്കിൽ വനാതിർത്തിയിൽ താമസ്സിക്കുന്ന ആളുകളുടെ സഹകരണം അത്യാവശ്യമാണ്.

### ആനപ്രതിരോധ മതിൽ

ഈ ഡിവിഷന്റെ പരിധിയിൽ ചെതലത്ത് റെയ്ഞ്ചിൽ 120 കിലോമീറ്റർ നീളത്തിൽ വനാതിർത്തിയുണ്ട്. നിലവിൽ 12.9 കിലോമീറ്റർ ദൂരം നബാർഡ് / മറ്റ് പദ്ധതികളിൽ പെടുത്തി ആനപ്രതിരോധ കൽമതിൽ നിർമ്മിച്ചിട്ടുണ്ട്. കൽപ്പറ്റ റെയ്ഞ്ചിലും മേപ്പാടി റെയ്ഞ്ചിലും പലഭാഗങ്ങളിലും വനാതിർത്തി കുന്നും മലകളും ചതുപ്പുമായതിനാൽ ആനപ്രതിരോധ മതിൽ പ്രാവർത്തികമ ല്ല. ആനപ്രതിരോധമതിൽ നിർമ്മാണത്തിന് ഉളള സാധനസാമഗ്രഹികളുടെ ലഭ്യതകകുറവ് മൂലം വയനാട്ടിൽ ഇതിന് തടസ്സം നേരിടുന്നുണ്ട്.

## ആനപ്രതിരോധ കിടങ്ങുകൾ

ഈ ഡിവിഷന്റെ പരിധിയിൽ ചെതലത്ത് റെയിഞ്ചിൽ 2017-18 വർഷം വരെ 121 കിലോമീറ്റർ ദൂരം ട്രഞ്ച് നിർമ്മിച്ചിട്ടുണ്ട്. ഇതിൽ 250 മീറ്റർ ദൂരം ആന ചവിട്ടി ഇടിച്ചതിനാൽ ട്രഞ്ചിന്റെ സൈഡ് കൽഭിത്തിയാൽ നിർമ്മിച്ചിട്ടുണ്ട്. മേപ്പാടി റെയ്ഞ്ചിൽ 15.8 കീലോമീറ്റർ ദൂരം ആനപ്രതിരോധ കിടങ്ങുകൾ നിർമ്മിച്ചിട്ടുണ്ട്. കൽപ്പറ്റ റെയ്ഞ്ചിന്റെ വനാതിർത്തി കുന്നും മലകളും ചതുപ്പുമായതിനാൽ ആനപ്രതിരോധ മതിൽ പ്രാവർത്തികമല്ല. ആനപ്രതിരോധകിടങ്ങുകളുടെ വിജയം ഭൂപ്രകൃതിയെയും സ്ഥലത്തെ മണ്ണിന്റെ ഘടനയെയും ആശ്രയിച്ചായിരിക്കും. മണ്ണിൽ കളളിമണ്ണിന്റെ അംശം കൂടുതൽ ഉളള പ്രദേശങ്ങളിലും മണൽ അടങ്ങിയ മണ്ണ് ഉളള പ്രദേശങ്ങളിലും ട്രഞ്ചുകൾ ആനകൾ ചവിട്ടി ഇടിച്ച് കടന്ന് വരുന്നതിനാൽ ഇത്തരം പ്രദേശങ്ങളിൽ ഇത് വിജയകരമല്ല.

# ii.പുതിയ പ്രതിരോധ നടപടികൾ

## ക്രാഷ് ഗാർഡ് / സ്റ്റീൽ ഫെൻസിങ്ങ്

ഈ ഡിവിഷന്റെ പരിധിയിൽ ആന പ്രതിരോധ കിടങ്ങ്, സോളാർ ഫെൻസിങ്ങ് എന്നിവ മൂലമുളള പ്രതിരോധ മാർഗ്ഗങ്ങൾ വിജയിക്കാത്ത സ്ഥലങ്ങളിൽ ക്രാഷ് ഗാർഡ്/സ്റ്റീൽ ഫെൻസിങ്ങ് ചെയ്യേണ്ടത് അത്യാവശ്യമാണ്. താഴെ പറയുന്ന സ്ഥലങ്ങളിൽ ക്രാഷ് ഗാർഡ്/സ്റ്റീൽ ഫെൻസിങ്ങ് നിർമ്മിക്കുന്നതായിരിക്കും അഭികാമ്യം. നിലവിൽ ഏറ്റവും കൂടുതൽ കാട്ടാനശല്യം അനുഭവപ്പെടുന്നത് ശാശ്വതമായി പരിഹരിക്കുന്നതിന് താഴെപറയുന്ന ജനവാസ മേഖലകളിൽ എത്രയും പെട്ടെന്ന് ക്രാഷ് ഗാർഡ് / സ്റ്റീൽ ഫെൻസിങ്ങ് പ്രവർത്തി നടത്തേണ്ടതാണ്.

# കൽപ്പറ്റ റെയ്ഞ്ച്

1. പാറത്തോട് മുതൽ സേട്ടുകുന്ന് വരെ (ദൂരം 3 കി.മീ)

കൽപ്പറ്റ റെയ്ഞ്ചിലെ സുഗന്ധഗിരി സെക്ഷൻ പരിധിയിൽ വരുന്ന പാറത്തോട് മുതൽ സേട്ടുകുന്ന് വരെയുള്ള പ്രദേശത്ത് ആനശല്യം വളരെ രൂക്ഷമാണ്. സ്ഥിരമായിട്ടുള്ള ആന ശല്യം ജനങ്ങുടെ ജീവനും സ്വത്തിനും ഭീഷണിയാണ്. കൂടാതെ പ്രസ്തുത സ്ഥലത്ത് കൃഷി ചെയ്യാൻ പറ്റാത്ത അവസ്ഥയുമാണുള്ളത്. പകൽ സമയത്തുപോലും ആനകൾ താമസസ്ഥലത്തും റോഡുകളിലും ഇറങ്ങി ഭീകരാന്തരീക്ഷം സൃഷ്ടിച്ചുവരുന്നുണ്ട്. ടി സ്ഥലങ്ങളിൽ നിലവിൽ സോളാർ പവർ ഫെൻസിങ്ങ് ചെയ്തിരുന്നുവെങ്കിലും ഇവ തകർത്ത് ആനകൾ പുറത്തേക്കിറങ്ങി വരുന്നുണ്ട്. ആളുകൾ സ്ഥിരം സഞ്ചരിക്കുന്ന വൈത്തിരി തരുവണ റോഡിലും ലേഡീസ് സ്മിത്ത് റിസർവ്വ് വനത്തിനരികിലൂടെയുള്ള പാറത്തോട് മുതൽ സേട്ടുകുന്ന് വരെയുള്ള ജനവാസ സ്ഥലത്തും കൃഷിയിടങ്ങളിലും വ്യാപകമായി ആനകൾ ഇറങ്ങി സ്ഥിരം പ്രശ്നങ്ങൾ സൃഷ്ടിച്ചുവരുന്നുണ്ട്. പ്രസ്തുത സ്ഥലങ്ങളിൽ ആളുകൾക്ക് രാത്രിയായാൽ പുറത്തിറങ്ങാൻ പറ്റാത്ത അവസ്ഥയാണുള്ളത്. ആയതിനാൽ പാറത്തോട് മുതൽ സേട്ടുകുന്ന് വരെ 3 കി.മീ നീളത്തിൽ അടിയന്തിരമായി ക്രാഷ് ഗാർഡ്/സ്റ്റീൽ ഫെൻസിങ്ങ്ചെയ്യേണ്ടത് അത്യാവശ്യമാണ്.

2. 10-ാം മൈൽ മുതൽ പാറത്തോട് വരെ (ദൂരം 3 കി.മീ)

കൽപ്പറ്റ റെയ്ഞ്ചിലെ സുഗന്ധഗിരി സെക്ഷൻ പരിധിയിൽ വരുന്ന 10-ാം മൈൽ മുതൽ പാറത്തോട് വരെ വരെയുള്ള പ്രദേശത്ത് ആനശല്യം വളരെ രൂക്ഷമാണ്. സ്ഥിരമായിട്ടുള്ള ആന ശല്യം ജനങ്ങുടെ ജീവനും സ്വത്തിനും ഭീഷണിയാണ്. കൂടാതെ പ്രസ്തുത സ്ഥലത്ത് കൃഷി ചെയ്യാൻ പറ്റാത്ത അവസ്ഥയുമാണുള്ളത്. പകൽ സമയത്തുപോലും ആനകൾ താമസസ്ഥലത്തും റോഡുകളിലും ഇറങ്ങി ഭീകരാന്തരീക്ഷം സൃഷ്ടിച്ചുവരുന്നുണ്ട്. ടി സ്ഥലങ്ങളിൽ നിലവിൽ സോളാർ പവർ ഫെൻസിങ്ങ് ചെയ്തിരുന്നുവെങ്കിലും ഇവ തകർത്ത് ആനകൾ പുറത്തേക്കിറങ്ങി വരുന്നുണ്ട്. തരിയോട് 8-ാം മൈൽ സ്കൂൾ വിദ്യാർത്ഥികൾക്ക് സുഗമമായി യാത്ര ചെയ്യാൻ പലപ്പോഴും കാട്ടാനകൾ പുറത്തിറങ്ങുന്നത് മൂലം തടസ്സം സൃഷ്ടിക്കുന്നുണ്ട്. 10-ാം മൈൽ മുതൽ

പാറത്തോട് വരെയുള്ള ഭാഗങ്ങളിലും ആളുകൾ സ്ഥിരം സഞ്ചരിക്കുന്ന വൈത്തിരി തരുവണ റോഡിലും ആനകൾ ഇറങ്ങി സ്ഥിരം പ്രശ്നങ്ങൾ സൃഷ്ടിച്ചുവരുന്നുണ്ട്. പ്രസ്തുത സ്ഥലങ്ങളിൽ ആളുകൾക്ക് രാത്രി കാലങ്ങളിൽ പുറത്തിറങ്ങാൻ പറ്റാത്ത അവസ്ഥയാണുള്ളത്. ആയതിനാൽ 10-ാം മൈൽ മുതൽ പാറത്തോട് വരെ 3 കി.മീ നീളത്തിൽ അടിയന്തിരമായി ക്രാഷ് ഗാർഡ്/സ്റ്റീൽ ഫെൻസിങ്ങ് ചെയ്യേണ്ടത് അത്യാവശ്യമാണ്.

3. <u>സുഗന്ധഗിരി പ്രദേശം (ദൂരം 5 കി.മീ)</u>

കൽപ്പറ്റ റെയ്ഞ്ചിലെ കൽപ്പറ്റ സെക്ഷൻ പരിധിയിൽ വരുന്ന സുഗന്ധഗിരി പ്രദേശത്ത് ആനശല്യം വളരെ രൂക്ഷമാണ്. സ്ഥിരമായിട്ടുള്ള ആന ശല്യം ജനങ്ങുടെ ജീവനും സ്വത്തിനും ഭീഷണിയാണ്. സുഗന്ധഗിരി പ്രദേശം ആദിവാസി മേഖലയാണ്. ആളുകൾക്ക് ആനയുടെ ആക്രമണം മൂലം പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്. ആദിവാസികളുടെ വീടുകൾക്ക് ആനയുടെ ആക്രമണം മൂലം നാശം സംഭവിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത സ്ഥലത്ത് കൃഷി ചെയ്യാൻ പറ്റാത്ത അവസ്ഥയുമാണുള്ളത്. പകൽ സമയത്തുപോലും ആനകൾ താമസസ്ഥലത്തും റോഡുകളിലും ഇറങ്ങി ഭീകരാന്തരീക്ഷം സൃഷ്ടിച്ചുവരുന്നുണ്ട്. ടി സ്ഥലങ്ങളിൽ നിലവിൽ സോളാർപവർ ഫെൻസിങ്ങ് ചെയ്തിരുന്നുവെങ്കിലും ഇവ തകർത്ത് ആനകൾ പുറത്തേക്കിറങ്ങി വരുന്നുണ്ട്. അമ്പ 4-ാം യൂണിറ്റ്, അമ്പ 5-ാം യൂണിറ്റ്, അമ്പ 6-ാം യൂണിറ്റ്, അമ്പ 7-ാം യൂണിറ്റ്, അമ്പതേക്കർ, ചെന്നായ്കവല ഭാഗങ്ങളിൽ കാട്ടാനകൾ ഇറങ്ങി സ്ഥിരം പ്രശ്നങ്ങൾ സൃഷ്ടിച്ചുവരുന്നുണ്ട്. പ്രസ്തുത സ്ഥലങ്ങളിൽ ആളുകൾക്ക് പുറത്തിറങ്ങാൻ പറ്റാത്ത അവസ്ഥയാണുള്ളത്. ആയതിനാൽ സുഗന്ധഗിരി പ്രദേശത്ത് 5 കി.മീ നീളത്തിൽ അടിയന്തിരമായി ക്രാഷ് ഗാർഡ്/സ്റ്റീൽ ഫെൻസിങ്ങ് ചെയ്യേണ്ടത് അത്യാവശ്യമാണ്.

## <u>മേപ്പാടി റെയ്ഞ്ച്</u>

4. <u>അരണമല മുതൽ ലക്കിടി വരെയുള്ള പ്രദേശം (ദൂരം 3 കി.മീ)</u>

മേപ്പാടി റെയ്ഞ്ചിലെ വൈത്തിരി ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ വരുന്ന അരണമല മുതൽ ലക്കിടി വരെയുള്ള_വരെയുള്ള പ്രദേശത്ത് കാട്ടാനകൾ ചെമ്പ്ര ഭാഗത്തുനിന്നും സ്ഥിരമായി ഇറങ്ങി ആളുകൾ തിങ്ങി താമസിക്കുന്ന ആനപ്പാറ, കുന്നമ്പറ്റ, സിത്താറാം വയൽ, ആനക്കാട്, കുട്ടമുണ്ട, ചുണ്ടേൽ,

വൈത്തിരി ഭാഗങ്ങളിലും ആളുകൾ സ്ഥിരം സഞ്ചരിക്കുന്ന മേപ്പാടി ചൂണ്ടേൽ റോഡിലും, കൽപ്പറ്റ കോഴിക്കോട് റോഡിലൂടെ മുറിച്ചുകടന്ന് അമ്മാറ ഭാഗത്ത് എത്തി സ്ഥിരമായി പ്രശ്നങ്ങൾ സൃഷ്ടിച്ചുവരുന്നുണ്ട്. ടി സ്ഥലങ്ങളിൽ സോളാർ പവർ ഫെൻസിങ്ങ് ചെയ്തിരുന്നുവെങ്കിലും പരാജയപ്പെടുകയാണു ണ്ടായത്. ചതുപ്പ് നിറഞ്ഞ പ്രദേശമായതിനാലും കിടങ്ങുകൾ ഇടിച്ച് ആന കൾക്ക് ഇറങ്ങാൻ പറ്റിയ മണ്ണായതിനാലും ആനകൾ പുറത്തേക്കിറങ്ങി വരു ന്നുണ്ട്. ഇവിടെ ആളുകൾ സ്ഥിരമായി പ്രക്ഷോഭത്തിലാണ്. വിവിധരാഷ്ട്രീയ പ്രതിനിധികൾ പ്രസ്തുതസ്ഥലങ്ങളിൽ ക്രാഷ് ഗാർഡ്/സ്റ്റീൽ ഫെൻസിങ്ങ് അത്യാവശ്യമായി ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നുണ്ട്. ആയതിനാൽ അരണ മല മുതൽ ലക്കിടി വരെ 3 കി.മീ നീളത്തിൽ ക്രാഷ് ഗാർഡ്/സ്റ്റീൽ ഫെൻസിംങ്ങ് ചെയ്യേണ്ടത് അത്യാവശ്യമാണ്.

5. <u>പക്കാളിപള്ളം മുതൽ ആനപ്പാറ വരെയുള്ള പ്രദേശം (ദൂരം 3 കി.മീ)</u>

മേപ്പാടി റെയ്ഞ്ചിലെ വൈത്തിരി ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ വരുന്ന പക്കാളിപള്ളം മുതൽ ആനപ്പാറ വരെയുള്ള പ്രദേശത്ത് ആനകൾ വേങ്ങാ ക്കോട് ഭാഗത്തുനിന്നും ഇറങ്ങി ആളുകൾ തിങ്ങി താമസിക്കുന്ന വട്ടകുണ്ട്, അയനിമറ്റം, തളിമല, ഒലിവുമല, അറമല, പക്കാളിപ്പള്ളം, ചേലോട് ഭാഗങ്ങളി ൽ സ്ഥിരമായി ആനകൾ പുറത്തിറങ്ങുന്നത് ജനങ്ങുടെ ജീവനും സ്വത്തിനും ഭീഷണിയാണ്. പ്രസ്തുത സ്ഥലത്ത് കൃഷി ചെയ്യാൻ പറ്റാത്ത അവസ്ഥയുമാ ണുള്ളത്. പകൽ സമയത്തുപോലും ആനകൾ താമസസ്ഥലത്തും റോഡുക ളിലും ഇറങ്ങി ഭീകരാന്തരീക്ഷം സൃഷ്ടിച്ചുവരുന്നുണ്ട്. ടി സ്ഥലങ്ങളിൽ സോളാർ പവർ ഫെൻസിങ്ങ് പ്രവർത്തികൾ ചെയ്തിരുന്നുവെങ്കിലും പരാജയ പ്പെടുകയാണുണ്ടായത്. ചതുപ്പ് നിറഞ്ഞ പ്രദേശമായതിനാലും കിടങ്ങുകൾ ഇടിച്ച് ആനകൾക്ക് ഇറങ്ങാൻ പറ്റിയ മണ്ണായതിനാലും ആനകൾ പുറത്തേക്കി റങ്ങി വരുന്നുണ്ട്. ആയതിനാൽ പക്കാളിപള്ളം മുതൽ ആനപ്പാറ വരെ 3.00 കി.മീ നീളത്തിൽ ക്രാഷ് ഗാർഡ്/സ്റ്റീൽ ഫെൻസിങ്ങ് ചെയ്യേണ്ടത് അത്യാവശ്യമാണ്.

6. <u>ചെമ്പ്ര മുതൽ സ്കൂൾകുന്ന് വരെയുള്ള പ്രദേശം (ദൂരം 3 കി.മീ)</u>

മേപ്പാടി റെയ്ഞ്ചിലെ വൈത്തിരി ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ വരുന്ന ചെമ്പ്ര മുതൽ സ്കൂൾകുന്ന് വരെയുള്ള പ്രദേശത്ത് ആനകൾ ചെമ്പ്ര

ഭാഗത്തുനിന്നും സ്ഥിരമായി ഇറങ്ങി ആളുകൾ തിങ്ങി താമസിക്കുന്ന ആനപ്പാറ, കുന്നമ്പറ്റ, നാൽപ്പത്താറ്, കോടനാട്, ആനക്കാട്, കൂട്ടമുണ്ട, ചുണ്ടേൽ, ഭാഗങ്ങളിലും ആളുകൾ സ്ഥിരം സഞ്ചരിക്കുന്ന മേപ്പാടി ചുണ്ടേൽ റോഡിലൂടെ മുറിച്ചുകടന്ന് സ്ഥിരമായി പ്രശ്നങ്ങൾ സൃഷ്ടിച്ചുവരുന്നുണ്ട്. ടി സ്ഥലങ്ങളിൽ സോളാർ പവർ ഫെൻസിങ്ങ് ചെയ്തിരുന്നുവെങ്കിലും പരാജയപ്പെടുകയാണുണ്ടായത്. ചതുപ്പ് നിറഞ്ഞ പ്രദേശമായതിനാലും കിടങ്ങുകൽ ഇടിച്ച് ആനകൾക്ക് ഇറങ്ങാൻ പറ്റിയ മണ്ണായതിനാലും ആനകൾ പുറത്തേക്കിറങ്ങി വരുന്നുണ്ട്. ഇവിടെ ആളുകൾ സ്ഥിരമായി പ്രക്ഷോഭത്തിലാണ്. വിവിധരാഷ്ട്രീയ പ്രതിനിധികൾ പ്രസ്തുതസ്ഥലങ്ങളിൽ ക്രാഷ് ഗാർഡ്/സ്റ്റീൽ ഫെൻസിങ്ങ് അത്യാവശ്യമായി ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നുണ്ട്. ആയതിനാൽ ചെമ്പ്ര മുതൽ സ്കുൾകുന്ന് വരെ 3 കി.മീ നീളത്തിൽ ക്രാഷ് ഗാർഡ്/സ്റ്റീൽ ഫെൻസിംങ്ങ് ചെയ്യേണ്ടത് അത്യാവശ്യമാണ്.

7. <u>അരണമല മുതൽ ഇറാട്ട്കുണ്ട് വരെയുള്ള പ്രദേശം (ദൂരം 3 കി.മീ)</u>


മേപ്പാടി റെയ്ഞ്ചിലെ വൈത്തിരി ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ വരുന്ന അരണമല മുതൽ ഇറാട്ട്കുണ്ട് വരെയുള്ള പ്രദേശത്ത് ആനകൾ ചെമ്പ്ര ഭാഗത്തുനിന്നും സ്ഥിരമായി ഇറങ്ങി ആളുകൾ തിങ്ങി താമസിക്കുന്ന ആനപ്പാറ, ചുളിക്ക, കടൂർ ഭാഗങ്ങളിലും ആളുകൾ സ്ഥിരം സഞ്ചരിക്കുന്ന മേപ്പാടി ചുണ്ടേൽ റോഡിലൂടെ മുറിച്ചുകടന്ന് സ്ഥിരമായി പ്രശ്നങ്ങൾ സൃഷ്ടിച്ചുവരുന്നുണ്ട്. ടി സ്ഥലങ്ങളിൽ സോളാർ പവർ ഫെൻസിങ്ങ് ചെയ്തിരുന്നുവെങ്കിലും പരാജയപ്പെടുകയാണുണ്ടായത്. ചതുപ്പ് നിറഞ്ഞ പ്രദേശമായതിനാലും കിടങ്ങുകൽ ഇടിച്ച് ആനകൾക്ക് ഇറങ്ങാൻ പറ്റിയ മണ്ണായതിനാലും ആനകൾ പുറത്തേക്കിറങ്ങി വരുന്നുണ്ട്. ഇവിടെ ആളുകൾ സ്ഥിരമായി പ്രക്ഷോഭത്തിലാണ്. വിവിധരാഷ്ട്രീയ പ്രതിനിധികൾ പ്രസ്തുതസ്ഥലങ്ങളിൽ ക്രാഷ് ഗാർഡ്/സ്റ്റീൽ ഫെൻസിങ്ങ് അത്യാവശ്യമായി ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നുണ്ട്. ആയതിനാൽ അരണമല മുതൽ ഇറാട്ട്കുണ്ട് വരെ 3 കി.മീ നീളത്തിൽ ക്രാഷ് ഗാർഡ്/സ്റ്റീൽ ഫെൻസിംങ്ങ്ചെയ്യേണ്ടത് അത്യാവശ്യമാണ്.

15

8. <u>ചോലാടി മുതൽ മീൻമുട്ടി വരെയുള്ള പ്രദേശം (ദൂരം 2 കി.മീ)</u>

മേപ്പാടി റെയ്ഞ്ചിലെ ബഡേരി സെക്ഷൻ പരിധിയിൽ വരുന്ന ചോലാടി മുതൽ മീൻമുട്ടി വരെയുള്ള പ്രദേശത്ത് ആനകൾ സ്ഥിരമായി ഇറങ്ങി ആളുകൾ തിങ്ങി താമസിക്കുന്ന ചെല്ലങ്കോട്, ചിത്രഗിരി, മീൻമുട്ടി, നീലിമല ഭാഗങ്ങളിൽ പ്രശ്നങ്ങൾ സൃഷ്ടിച്ചുവരുന്നുണ്ട്. കൂടാതെ പ്രസ്തുത സ്ഥലത്ത് കൃഷി ചെയ്യാൻ പറ്റാത്ത അവസ്ഥയുമാണുള്ളത്. പകൽ സമയത്തുപോലും ആനകൾ താമസസ്ഥലത്തും റോഡുകളിലും ഇറങ്ങി ഭീകരാന്തരീക്ഷം സൃഷ്ടിച്ചുവരുന്നുണ്ട്. ടി സ്ഥലങ്ങളിൽ സോളാർ പവർ ഫെൻസിങ്ങ് ചെയ്തിരുന്നുവെങ്കിലും പരാജയപ്പെടുകയാണുണ്ടായത്. ഇവിടെ ആളുകൾ സ്ഥിരമായി പ്രക്ഷോഭത്തിലാണ്. വിവിധരാഷ്ട്രീയ പ്രതിനിധികൾ പ്രസ്തുതസ്ഥലങ്ങളിൽ ക്രാഷ് ഗാർഡ്/സ്റ്റീൽ ഫെൻസിങ്ങ് അത്യാവശ്യമായി ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നുണ്ട്. ആയതിനാൽ ചോലാടി മുതൽ മീൻമുട്ടി വരെ 2 കി.മീ നീളത്തിൽ ക്രാഷ് ഗാർഡ്/സ്റ്റീൽ ഫെൻസിംങ്ങ് ചെയ്യേണ്ടത് അത്യാവശ്യമാണ്.

<u>ക്രാഷ് ഗാർഡ്/സ്റ്റീൽ ഫെൻസിങ്ങ്</u>



17

# KERALA FOREST DEPARTMENT

**Detailed Estimate for the cost of Construction of Elephant Protection Barrier (Crash guard rope fencing) in South wayanad division during 2018 - 19**

| Sl. No. | | Particulars | No. | L | B | H | Qty | Unit | Amount |
|---|---|---|---|---|---|---|---|---|---|
| 1 | 2.6.1 | Earth work in excavation by mechanical means (Hydraulic excavator) / manual means over areas (exceeding 30 cm in depth, 1.5 m in width as well as 10 sqm on plan) including disposal of excavated earth, lead up to 50 m and lift up to 1.5 m, disposed earth to be levelled and neatly dressed for all kinds of soil | | | | | | | |
| | | | 250 | 0.90 | 0.90 | 1.00 | 202.50 | | |
| | | | 29 | 0.60 | 0.60 | 0.60 | 6.26 | | |
| | | | 2 | 1.20 | 1.20 | 1.20 | 3.46 | | |
| | | | | | | | 212.22 | | |
| | | Say | 212.22 | m3 | @ | | 174.11 /m3 | = | 36950.00 |
| 2 | 5.1.2 | Providing and laying in position specified grade of reinforced cement concrete,excluding the cost of centering,shuttering,finishing and reinforcement-All work upto plinthlevel :1:1.5:3(1cement:1.5coarsesand:3graded stone aggregate 20 mm nominal size) | | | | | | | |
| | | Footing | 250 | 0.68 | 0.68 | 1.00 | 113.91 | | |
| | | | 29 | 0.45 | 0.45 | 0.60 | 3.52 | | |
| | | | 2 | 1.20 | 1.20 | 1.20 | 3.46 | | |
| | | | | | | | 120.89 | | |
| | | Say | 120.89 | m3 | @ | | 8592.10 /m3 | = | 1038699.00 |
| 3 | 5.22A.6 | Steel reinforcement for R.C.C.work including straightening,cutting,bending,placing inposition and binding allc omplete above plinthlevel.Thermo-Mechanically Treated bars. | | | | | | | |
| | | 250x3 (8 mm bar) | 750 | 2.40 | 0.40 | | 720.00 | | |
| | | Concrrete | 113.91 | 40.00 | | | 4556.40 | | |
| | | For fixing rope (2 nos) | 3.46 | 80.00 | | | 276.80 | | |
| | | 24 mm bar | 12 | 2.40 | 3.56 | | 102.53 | | |
| | | | | | | | 5655.73 kg | | |
| | | Say | 5656.00 | kg | @ | | 78.24 /kg | = | 442525.00 |
| 4 | 8.23.B | Providing and fixing ISMC series channel vertical post,150x75x5mm spaced centre to centre with required lenth, 4m long (3m above ground level & 1m below ground level,all steel parts and fitments tobe galvanised by hot dip process,including cost of drilling (required holes).etc. | | | | | | | |
| | | | | | (kg/mtr) | | | | |
| | | vertical post | 250 | 4.00 | 16.40 | | 16400.00 | | |
| | | | | | | | 16400.00 | | |
| | | Say | 16400.00 | Kg | @ | | 90.22 /Kg | = | 1479608.00 |
| 5 | Observed data | Providing dowel barusing16mmTMT bars 1 m long including boring holes inhard rock and bending Lshape etc complete | | | | | | | |
| | | 12 mm | | | | | | | |
| | | | 40 | | | | | | |
| | | Say | 40.00 | Nos | @ | | 386.74 /Nos | = | 15470.00 |

1/2

## Detailed Estimate for the cost of Construction of Elephant Protection Barrier (Crash guard rope fencing) in South wayanad division during 2018 - 19

| Sl. No. | | Particulars | No. | L | B | H | Qty | Unit | Amount |
|---|---|---|---|---|---|---|---|---|---|
| 6 | Observed data | Wire rope placed in either side of collapsed anchorhook on eitherside with the help of tighter assembly fixed in concrete block including all labour and convey charges. etc complete | | | | | | | |
| | | 16mm | 3 | 1000.00 | | | 3000.00 | | |
| | | | 6 | 2.00 | | | 12.00 | | |
| | | | | | | | 3012.00 | | |
| | | Say | 3012.00 | mtr | | @ | 338.11 /mtr | = | 1018387.00 |
| 7 | Observed data | Wire rope placed in either side of collapsed anchor hook on either side with the help of tighter assembly fixed in concrete block,including all labour and convey charges. etc complete | | | | | | | |
| | | 12 mm | 29 | 3.00 | | | 87.00 | | |
| | | Say | 87.00 | mtr | | @ | 277.78 /mtr | = | 24167.00 |
| 8 | Observed data | Wire rope placed in either side of collapsed anchor hook on either side with the help of tighter assembly fixed in concrete block,including all labour and convey charges. etc complete | | | | | | | |
| | | 6 mm | 2 | 1000.00 | | | 2000.00 | | |
| | | Say | 2000.00 | mtr | | @ | 83.29 /mtr | = | 166580.00 |
| 9 | LS | Cost of Tighter assembly including tighter,Uclamp, Nutandbolts, Steilplates.pully, bras sbushes on both end sides,sleevs and other accessories, etc complete. | | | | | | | |
| | | | | 6 | Nos | | | | |
| | | Say | 6.00 | Nos | | @ | 4500.00 /Nos | = | 27000.00 |
| 10 | 14.70 | Other unforseen contigencees, including instaling CCTV in various places to monitor the elephant movement | | | | | | | 750614.00 |
| | | COST FOR 1 K.M. | | | | | | | 5000000.00 |

**(Rupees fifty lakhs only)**

Divisional Forest Officer
South Wayanad Division

ഈ ഡിവിഷന് കീഴിലെ കൽപ്പറ്റ, മേപ്പാടി റെയിഞ്ചുകളുടെ പരിധിയിൽ വരുന്ന വിവിധ സ്ഥലങ്ങളിൽ വന്യമൃഗ ശല്യം തടയുന്നതിനുവേണ്ടി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന ക്രാഷ് ഗാർഡ്/സ്റ്റീൽ ഫെൻസിങ്ങ് എന്നിവയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| Sl. No | Range | Forest Station / Section | Location | Distance ( Km) | Amount ( In lakhs) |
|---|---|---|---|---|---|
| 1 | Kalpetta | Sugandhagiri Section | Paratahode to Settukunnu | 3.00 | 150.00 |
| 2 | | | 10th Mile to Parathode | 3.00 | 150.00 |
| 3 | | Kalpetta Section | Sugandhagiri Area | 5.00 | 250.00 |
| 4 | Meppady | Vythiri Forest station | Aranamala to Lakkidi | 3.00 | 150.00 |
| 5 | | | Pakkalipallm to Anappara | 3.00 | 150.00 |
| 6 | | | Chembra to Schoolkunnu | 3.00 | 150.00 |
| 7 | | | Aranamala to Erattukundu | 3.00 | 150.00 |
| 8 | | Baderi Section | Cholady to Meenmutty | 2.00 | 100.00 |
| | | | **TOTAL** | **25.00** | **1250.00** |

ഈ ഡിവിഷന്റെ കീഴിൽ വരുന്ന കൽപ്പറ്റ, മേപ്പാടി, റെയിഞ്ചുകളിൽ വരുന്ന വിവിധ പ്രദേശങ്ങളിലെ മനുഷ്യ-വന്യമൃഗ സംഘർഷം പരിഹരിക്കുന്നതിനായി 12.50 കോടി രൂപയുടെപദ്ധതി രൂപ രേഖ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

സെക്ഷൻ ഓഫീസർ